III.ഇ.ബി.XII-കേരള നിയമസഭ/I-13

# പന്ത്രണ്ടാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2006 ജൂൺ 30 വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (* 209, *210 & *211) സഭയിൽ ഉന്നയിക്കപ്പെടുകയും അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

### II.ശ്രദ്ധ ക്ഷണിക്കൽ

1. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉളവായതുമൂലം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങളിൽ അപ്രഖ്യാപിത നിയമന നിരോധനം നിലനിൽക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തി

ലേയ്ക്ക് ശ്രീ. കെ. സി. വേണുഗോപാൽ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മുഖ്യമന്ത്രി മറുപടി നൽകുകയും ചെയ്തു.

2. സംസ്ഥാനത്തെ ദുർബ്ബല വിഭാഗങ്ങൾക്കുവേണ്ടി ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി നടപ്പാക്കേ തിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ടി. യു. കുരുവിള വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി മറുപടി നൽകുകയും ചെയ്തു.

## III. സബ്മിഷൻ

1. മുൻ സർക്കാർ നടപ്പാക്കിയ നിയമന നിരോധനവും തസ്തികകൾ നിർത്തലാക്കലും സംബന്ധിച്ച് ശ്രീ. വി.എസ്. സുനിൽകുമാർ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.
2. വിദേശത്ത് പോകുന്നവർക്ക് യഥാസമയം എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കാത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപൻ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

3. പബ്ലിക് സർവ്വീസ് കമ്മീഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച് ശ്രീ.സി. ടി. അഹമ്മദ് അലി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.
4. ചിറ്റൂരിലെ വടവന്നൂർ പഞ്ചായത്തിൽ നെല്ലുസംഭരണത്തിന് ഇൻസെന്റീവ് നൽകാത്തതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. കെ. അച്ചുതൻ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.
5. കടലാക്രമണം തടയുന്നതിന് കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.
6. നെൽവയൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.ബി. രാഘവൻ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി..
7. പോലീസ് മർദ്ദനത്തിൽ മരണപ്പെട്ട ഉദയകുമാറിന്റെ അമ്മയ്ക്ക് മുൻ സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ലഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

1. കാട്ടാക്കട കൊറ്റംപ്പള്ളിയിലെ പേരൂർക്കോണത്ത് പ്രവർത്തിച്ചിരുന്ന സ്വകാര്യ ധനകാര്യ സ്ഥാപനമുടമ ജനങ്ങളെ കബളിപ്പിച്ച് മുങ്ങിയത് സംബന്ധിച്ച് ശ്രീ. ജി. കാർത്തികേയൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.
2. ശംഖുമുഖം, വേളി തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. വി. സുരേന്ദ്രൻ പിള്ള ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.
3. ചെറുപുഴയിൽ അജിത എന്ന വീട്ടമ്മയും ഒരുമാസം പ്രായമായ കുഞ്ഞും വധിക്കപ്പെട്ടത് സംബന്ധിച്ച് ശ്രീ. കെ. സുധാകരൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

4. കൈത്തറി മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച് ശ്രീ. എൻ. അനിരുദ്ധൻ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.
5. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് സ്കൂളിന്റെ വികസനം സംബന്ധിച്ച് ശ്രീ. പള്ളിപ്രം ബാലൻ ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.
6. കോന്നി മണ്ഡലത്തിലെ സഞ്ചാര യോഗ്യമല്ലാതായ റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കേണ്ടത് സംബന്ധിച്ച് ശ്രീ. അടൂർ പ്രകാശ് ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.
7. ജില്ലാ വികസന ഏജൻസികൾ നിർത്തലാക്കുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. കെ. കെ. ഷാജു ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി മറുപടി നൽകി.
8. നെല്ലിയാംപതിയിലെ തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. വി. ചെന്താമരാക്ഷൻ ഉന്നയിച്ച സബ്മിഷന്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

9. വടകര ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. എം.കെ. പ്രേംനാഥ് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

10. മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിൽ ശീതീകരണപ്ലാന്റ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ബാബു പോൾ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

11. ആറളം സ്റ്റേറ്റ് ഫാമിൽ ആദിവാസികൾക്ക് ഭൂമി പതിച്ചുനൽകിയതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ ഉന്നയിച്ച സബ്മിഷന് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

12. കുട്ടനാട്ടിൽ വിവിധ ഏജൻസികൾ നടത്തിവരുന്ന നെല്ല് സംഭരണത്തിലെ അപാകതകൾ സംബന്ധിച്ച് ശ്രീ. തോമസ് ചാണ്ടി ഉന്നയിച്ച സബ്മിഷന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

13. ഇരിക്കൂർ മണ്ഡലത്തിലെ കൂട്ടുമുഖം പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കേണ്ടത് സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.
14. ഗുരുവായൂരിലെ കുടിവെള്ള പദ്ധതിയും അഴുക്കുചാൽ നിർമ്മാണ പദ്ധതിയും പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച് ശ്രീ. കെ.വി. അബ്ദുൾ ഖാദർ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.
15. തെരുവു നായ്ക്കളുടെ ശല്യംമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. എം. ഉമ്മർ ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.
16. ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ ഉന്നയിച്ച സബ്മിഷന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

17. മാറാട് അന്വേഷണ കമ്മീഷൻ റിപ്പോർട്ട് പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതിന്റെ അനൗചിത്യം സംബന്ധിച്ച് ശ്രീ. പി. ജയരാജൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.
18. വൈപ്പിൻ നിവാസികൾ അനുഭവിക്കുന്ന യാത്രാക്ലേശം സംബന്ധിച്ച് ശ്രീ. എം. കെ. പുരുഷോത്തമൻ ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.
19. പാറശ്ശാലയിലും സമീപ പ്രദേശങ്ങളിലും പടർന്നു പിടിക്കുന്ന "ചിക്കൻഗുനിയ" രോഗം സംബന്ധിച്ച് ശ്രീ. ആർ. സെൽവരാജ് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കു വേണ്ടി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.
20. വർക്കല ഭാഗത്തേയ്ക്കുള്ള കെ.എസ്. ആർ.ടി.സി. ട്രിപ്പുകൾ മുടങ്ങുന്നത് സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന് ഗതാഗതവും

പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

21. വണ്ടൻമേട്ടിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ജില്ലാ ടി.ബി. സെന്റർ വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയത് സംബന്ധിച്ച് ശ്രീ. കെ. കെ. ജയചന്ദ്രൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കു വേണ്ടി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

22. കുന്നത്തുനാട് മലയിടംതുരുത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർക്കെതിരെ ഉണ്ട ായ ആക്ഷേപം സംബന്ധിച്ച് ശ്രീ. എം.എം.മോനായി ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രിക്കുവേണ്ടി പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

23. ആലപ്പുഴ നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ.സി.

വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

24. ഒറ്റപ്പാലം തിരുമിറ്റക്കോട് II വില്ലേജിൽപ്പെട്ട കുറവ സമുദായങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. ടി. പി. കുഞ്ഞുണ്ണി ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

25. മാവേലിക്കര റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽക്കൂടി സ്വകാര്യവ്യക്തി റോഡ് നിർമ്മിച്ചത് സംബന്ധിച്ച് ശ്രീ. എം.മുരളി ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

26. രാജാരവിവർമ്മക്ക് സമുചിതമായ സ്മാരകം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എൻ. രാജൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി മറുപടി നൽകി.

27. കാസർഗോഡ് ജില്ലയിലെ മറാഠി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽനിന്നും ഒഴിവാക്കിയത് സംബന്ധിച്ച് ശ്രീ. കെ. വി. കുഞ്ഞിരാമൻ ഉന്നയിച്ച

സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

28. തിരൂർ താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

29. കുടിവെള്ളക്ഷാമംമൂലം ചേർത്തല താലൂക്കിലെ ജനങ്ങൾ അനുഭിക്കുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് ശ്രീ. പി. തിലോത്തമൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

30. നെടുമങ്ങാട് –ചെങ്കോട്ട റോഡിലെ ഇരുമ്പു പാലത്തിലൂടെയുള്ള ഗതാഗതം പുന:സ്ഥാപിക്കേണ്ട തിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി. ജെ. അരുന്ധതി ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

## IV. **പ്രത്യേക പരാമർശം**

മൈത്രി ഭവന നിർമ്മാണ പദ്ധതിയിലെ നടത്തിപ്പിൽ അഴിമതിയും സ്വജനപക്ഷപാതവും നടന്നത് സംബന്ധിച്ച് ഉന്നയിച്ച ചോദ്യത്തിന് വിരുദ്ധമായ

ഉത്തരമാണ് നൽകിയതെന്ന് ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ പ്രത്യേക പരാമർശത്തിന് 22 പേജുകളുള്ള റിപ്പോർട്ടിൽ ഒരിടത്തുപോലും അഴിമതിയെന്നോ സ്വജനപക്ഷപാതമെന്നോ എഴുതിയിട്ടില്ലെന്നും അതിനാൽ ഉത്തരം നൽകിയതിൽ യാതൊരു അപാകതയും ഇല്ലെന്ന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി.

## V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI. നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

ആരോഗ്യപരമായ കാരണങ്ങളാൽ ശ്രീ. മത്തായി ചാക്കോയ്ക്ക് പന്ത്രണ്ടാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ പങ്കെടുക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത സമ്മേളനം അവസാനിക്കുന്നതുവരെയുള്ള യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ സഭ അനുവാദം നൽകി.

## VII. **നിയമനിർമ്മാണ കാര്യം**

### **2006-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ**

2006-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബില്ലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് അവതരിപ്പിച്ചു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. എം. വിജയകുമാർ പ്രമേയത്തെ പിന്താങ്ങി.

സർവ്വശ്രീ. ബി. ബാബു പ്രസാദ്, എ.എം. യൂസഫ്, സി.ടി. അഹമ്മദ് അലി, ബാബു പോൾ, ജോസഫ് എം. പുതുശ്ശേരി, ജോസ് തെറ്റയിൽ, വി. സുരേന്ദ്രൻപിള്ള, എ. പ്രദീപ് കുമാർ എന്നീ അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്കും ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിക്കും ശേഷം 2006-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ 26-നെതിരെ 82 വോട്ടുകളോടെ സഭ പാസ്സാക്കി.

## VIII. അവകാശലംഘന പ്രശ്നം

സംസ്ഥാനത്തെ ആറ് ന്യൂനപക്ഷ പ്രൊഫഷണൽ കോളേജുകൾക്ക് ന്യൂനപക്ഷ പദവി നൽകുന്ന തീരുമാനം സംബന്ധിച്ച് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ചുവെന്നും അംഗങ്ങളുടെ അവകാശ അധികാരങ്ങളെ ലംഘിച്ചുവെന്നും കാണിച്ചുകൊണ്ട് ശ്രീ. ടി.എൻ. പ്രതാപൻ നൽകിയ അവകാശലംഘന നോട്ടീസ് ചെയറിന്റെ പരിഗണനയിലാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## IX. അറിയിപ്പ്

പന്ത്രണ്ടാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം പൂർത്തിയായതായും പകുതിയിലധികവും പുതിയ അംഗങ്ങളായിരുന്നിട്ടും സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിന് കഴിഞ്ഞതായും ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിക്കുകയും സഭാംഗങ്ങൾക്കും പത്രമാധ്യമങ്ങൾക്കും ജീവനക്കാർക്കും നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

2006 ജൂൺ 30–ാം തീയതി ഉച്ചയ്ക്കുശേഷം 12.30–ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.